**Desabhimani**

**21 August 2018**

**Kochi ;Subsidy, Lost Ration Cards**

# റേഷൻകാർഡ് നഷ്ടപ്പെട്ടവർക്കും സബ്സിഡി സാധനം ലഭിക്കും

**കൊച്ചി**

പ്രളയത്തിൽ റേഷൻ കാർഡുകൾ നഷ്ടപ്പെട്ടവർക്കും സപ്ലൈകോ വില്പന ശാലകളിൽനിന്ന് സബ്സിഡി സാധനങ്ങൾ ലഭ്യമാക്കും. ഇതിനായി റേഷൻ കാർഡിൽ ചേർത്തിട്ടുള്ള കാർഡുടമകളുടെ മൊബൈൽ ഫോൺ നമ്പർ നൽകിയാൽ മതി. സപ്ലൈകോ വില്പനശാലകളിലെ ബില്ലിങ് സംവിധാനത്തിൽ മാറ്റം വരുത്തിയതായി മാനേജിങ് ഡയറക്ടർ എം എസ് ജയ പറഞ്ഞു. പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് അവശ്യസാധനങ്ങൾ മുടക്കം കൂടാതെ ലഭിക്കുന്നുണ്ടെന്നുറപ്പു വരുത്തും. പുതിയ സംവിധാനം എത്രയും പെട്ടെന്ന് നടപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

റേഷൻ കാർഡിൽ മൊബൈൽ ഫോൺ നമ്പർ ചേർത്തിട്ടില്ലാത്തവർ റേഷൻകട ഉടമയിൽ നിന്ന് റേഷൻ കാർഡിന്റെ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഹാജരാക്കിയാലും